# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1090** — **28/4/2017** -ലെ മറുപടി

## മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) ജപ്പാൻ സഹായത്തോടുകൂടി കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന മീനാടിനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ശേഷിക്കുന്ന വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. പൂയപ്പള്ളി, മീനാട്, ചിറക്കര, പരവൂർ (പാർട്ട്), ആദിച്ചനല്ലൂർ, മയ്യനാട്, കരവാളൂർ, നെടുമ്പന–പള്ളിമൺ, ഇടമുളയ്ക്കൽ, അറക്കൽ, വെളിയം–ഓടനാവട്ടം, അഞ്ചൽ, ഇളമാട്, പൂതക്കുളം, ഉമ്മന്നൂർ-വാളകം എന്നീ വില്ലേജുകൾക്കും പരവൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ആകെ 963 കീ.മി വിതരണ ശൃംഖല സ്ഥാപിക്കാനുണ്ടായിരുന്നതിൽ ഇതുവരെ 137.84 കി.മീ പണി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.<br>മുൻകരാറുകാരൻ (രാമകൃഷ്ണ കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിററഡ്, ഹൈദരാബാദ്) പാതിവഴിയിൽ പണി ഉപേക്ഷിക്കുകയും ടെർമിനേറ്റ് ചെയ്ത് കരാറുകാരന്റെ റിസ്ക് ആന്റ് കോസ്ററിൽ പണികൾ പുനഃക്രമീകരിക്കുകയും ചെയ്തു. ടെക്പ്രോ ഇൻഫ്രാ പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനിയാണ് ബാക്കി വിതരണ ശൃംഖലയുടെ പണികൾ ചെയ്തു വരുന്നത്.<br>പൊതുമരാമത്ത് റോഡുകളിലെ പണികൾക്കുണ്ടായ നിയന്ത്രണവും സാമ്പത്തിക പ്രശ്നംമൂലം കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയും നേരത്തെ സ്ഥാപിച്ച പൈപ്പ് ലൈനുകളിൽ ഉള്ള ഗ്യാപ്പുകൾ കണ്ടുപിടിച്ച് |

ക്ലോസ് ചെയ്യുന്നതിലുള്ള ബുദ്ധിമുട്ടും മൂലം പണിയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചില്ല.

16 വില്ലേജുകളിലായുള്ള ജിക്കാ വിതരണ ശൃംഖലയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഈ പദ്ധതിയുടെ ഭാഗമായി വെളിയം പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മീനാട് പദ്ധതിയിൽപ്പെട്ട വെളിയം പഞ്ചായത്തിൽ ആകെ സ്ഥാപിക്കേണ്ടിയിരുന്ന 74 കി.മി വിതരണ ശൃംഖലയിൽ ഏകദേശം 54 കി.മി മാത്രമേ നേരത്തെ പണികൾ ഏറ്റെടുത്തിരുന്ന കരാറുകാർ പൂർത്തീകരിച്ചിരുന്നുള്ളൂ. സ്ഥാപിച്ച വിതരണശൃംഖലയിൽ ഒന്നുംതന്നെ പൂർണ്ണമായി പൂർത്തീകരിച്ച് ചാർജ്ജ് ചെയ്തിരുന്നില്ല. വെളിയം പഞ്ചായത്തിലുള്ള ജലസംഭരണിയിൽ നിന്നും ഉള്ള വിതരണ ശൃംഖലയിൽ ആരംഭം മുതൽ തന്നെ ഗ്യാപ്പുകൾ കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തികൾ ശേഷിച്ചിട്ടുണ്ട്. ബാക്കി പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതി എപ്പോൾ പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കുമോ ?

(സി) കരാറുകാരുടെ ഭാഗത്തുനിന്നും പണികളുടെ പൂർത്തീകരണത്തിന് ഉദ്ദേശിച്ച തരത്തിൽ പുരോഗതി കൈവരിക്കാനാവാത്തതിനാൽ നിലവിൽ 31/5/2017 വരെയാണ് പ്രത്യേക നിബന്ധനകളോടുകൂടി കരാർ നീട്ടി നൽകിയിട്ടുള്ളത്.

പദ്ധതിയിൽ ശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിച്ച് പൂർത്തീകരിച്ച് പദ്ധതി പൂർണമായും കമ്മീഷൻ ചെയ്യുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് കരാറുകാർക്ക് കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തനപുരോഗതി കൈവരിച്ചാൽ 2017 ഡിസംബറോടുകൂടി പൂർണ്ണമായും ശേഷിക്കുന്ന വിതരണ ശൃംഖലകൾ സ്ഥാപിച്ച് ജലവിതരണം സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

JSK/

അനുബന്ധം

(ദൂരം മീറ്ററിൽ)

| ക്രമ നമ്പർ | വില്ലേജ് | ആകെ വിതരണ ശൃംഖല | ഇതുവരെ സ്ഥാപിച്ചത് | ശേഷിക്കുന്നത് |
|---|---|---|---|---|
| 1 | പൂയപ്പള്ളി | 53980 | 53390 | 590 |
| 2 | മീനാട് | 64171 | 64171 | 0 |
| 3 | ചിറക്കര | 29950 | 29230 | 720 |
| 4 | പരവൂർ (പാർട്ട്) | 18518 | 16610 | 1908 |
| 5 | ആദിച്ചനല്ലൂർ | 8612 | 7190 | 1422 |
| 6 | മയ്യനാട് | 88940 | 77440 | 11500 |
| 7 | കരവാളൂർ | 67395 | 56530 | 10865 |
| 8 | നെടുമ്പന-പള്ളിമൺ | 97841 | 94480 | 3361 |
| 9 | പരവൂർ മുനിസിപ്പാലിറ്റി | 73875 | 68770 | 5105 |
| 10 | ഇടമുളയ്ക്കൽ | 54939 | 48940 | 5999 |
| 11 | അറക്കൽ | 46387 | 40990 | 5397 |
| 12 | വെളിയം-ഓടനാവട്ടം | 74049 | 53890 | 20159 |
| 13 | അഞ്ചൽ | 89267 | 61460 | 27807 |
| 14 | ഇളമാട് | 61691 | 47230 | 14461 |
| 15 | പൂതക്കുളം | 48753 | 39710 | 9043 |
| 16 | ഉമ്മന്നൂർ-വാളകം | 84937 | 64730 | 20207 |
| | **ആകെ** | **963305** | **824761** | **138544** |

സെക്ഷൻ ഓഫീസർ